**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **10-02-2025 - ൽ മറുപടിയ്ക്ക്**

**മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | മണിയൂരിൽ സബ്സ്റ്റേഷൻ നിർമിക്കുന്നതിന് LARR 2013 ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഉള്ള അപേക്ഷ കെ. എസ്.ഇ.ബി.എൽ ജില്ലാ കളക്ടർക്ക നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി എത്ര ഭൂഉടമകളിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സർവ്വേ നമ്പർ സഹിതം അറിയിക്കാമോ; | (ബി) | സബ്സ്റ്റേഷൻ നിർമാണത്തിന് വേണ്ടി നാല് ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്. ഇവയുടെ സർവ്വേ നമ്പറുകൾ 81/35-3, 81/33, 81/34, 81/35, 81/37 എന്നിവയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ഘടകങ്ങൾ എന്തൊക്കെയെന്നും പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (സി) | ഈ പ്രവൃത്തിയിൽ 110/11 KV, 12.5 MVA കപ്പാസിറ്റി ഉള്ള 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും അഞ്ച് 11 KV ഫീഡറുകൾ വഴി ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കുമായി ബന്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മുഖേന ഏതൊക്കെ സ്ഥലങ്ങളിലെ വൈദ്യുതക്ഷാമം പരിഹരിക്കപ്പെടുമെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മണിയൂർ, മേമുണ്ട, മേലടി, തിരുവള്ളൂർ, വടകര ടൗൺ എന്നീ സ്ഥലങ്ങളിലെ വൈദ്യുത ക്ഷാമത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ